213073/2022

RCS/4336/2021/MT-3 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം 22-12-2022

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും

സർ,

വിഷയം:- സഹകരണ വകുപ്പ് - സഹകരണ മേഖലയിൽ ആരാധക ഉടമസ്ഥതയിൽ പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ്പോർട്സ് ആന്റ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ശ്രീ. സിജിൻ ബി.ടി സമർപ്പിച്ച അപേക്ഷ
2. സർക്കാരിന്റെ 24.07.2021-ലെ പി.എസ്.1/181/2021/സഹ നം. കത്ത്
3. സർക്കാരിന്റെ 17.08.2021-ലെ പി.എസ്.1/293/2021/സഹ നം. കത്ത്
4. ബഹു. സഹ.വകുപ്പ് മന്ത്രിയുടെ 19.05.2022-ലെ 6155964/22/MIN (Co.op) നമ്പർ കത്ത്
5. സർക്കാരിന്റെ 26.05.2021-ലെ പി.എസ്.1/162/2022/സഹ നം. കത്ത്

******

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സഹകരണമേഖലയിൽ ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബ്ബുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തണമെന്ന് ആവശ്യപ്പെട്ട് സ്പോർട്സ് ആന്റ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ശ്രീ. സിജിൻ ബി.ടി ബഹു. സഹകരണവകുപ്പ് മന്ത്രിക്കും സർക്കാരിനും സമർപ്പിച്ച അപേക്ഷയിൻമേൽ ആയതിനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
SONIA SOMAN.T
ADDITIONAL REGISTRAR

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)

13

288322/2022

"ഭരണഭാഷ- മാതൃഭാഷ"

31 MAY 2022

കേരള സർക്കാർ

സഹകരണ (പിഎസ്) വകുപ്പ്

നമ്പർ.പിഎസ്1/162/2022-സഹ. 26-05-2022,തിരുവനന്തപുരം

പ്രേഷകൻ

ഗവൺമെന്റ് സെക്രട്ടറി

സ്വീകർത്താവ്

സഹകരണസംഘം രജിസ്ട്രാർ,

തിരുവനന്തപുരം

സർ,

വിഷയം:- സഹകരണ വകുപ്പ് - ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബുകൾ - സംബന്ധിച്ച്.

സൂചന:- ശ്രീ.സിജിൻ ബി.ടി സമർപ്പിച്ച 14.05.2022 തിയതിയിലെ നിവേദനം.

സൂചനയിലെ നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

എൽ.സുനിത

അണ്ടർ സെക്രട്ടറി

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബുകൾ- സവിശേഷതകൾ.

1. ആരാധകരുടെ ഉടമസ്ഥതയും, നിയന്ത്രണവും. ആരാധകരിൽ നിന്നുള്ള നിക്ഷേപം, സർക്കാർ ഒരു രൂപ പോലും ചെലവാക്കേണ്ട ആവശ്യമില്ല
2. ഒരു ജില്ലയിൽ കുറഞ്ഞത് ഒരു ക്ലബ്ബ് കൂടാതെ സംസ്ഥാന തലത്തിൽ ഒരു മദർ ക്ലബ്ബ്
3. ഒരു ക്ലബിൽ കുറഞ്ഞത് 3 ലക്ഷം അംഗങ്ങൾ. പരമാവധി 9 ലക്ഷം അംഗങ്ങൾ.
4. ഒരു ഷെയറിന്റെ മൂല്യം 1000 രൂപ. ക്ലബ്ബിന്റെ ഏറ്റവും കുറഞ്ഞ ഓഹരി മൂലധനം 30 കോടി രൂപ.
5. എഫ്എംസിജി, ലൈഫ്സ്റ്റൈൽ, പരിമിതമായ സാമ്പത്തിക സേവനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ബിസിനസുകളിൽ ക്ലബ്ബുകൾ ഏർപ്പെടും
6. ഒരു ക്ലബിന്റെ വാർഷിക വിറ്റുവരവ് ഏകദേശം 100 കോടി രൂപയായിരിക്കും
7. ആദ്യ 3 വർഷങ്ങളിൽ തന്നെ കുറഞ്ഞത് 500 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഒരു ക്ലബിനു കഴിയും. പിന്നീട് മറ്റ് കായിക വിനോദങ്ങളിലും ക്ലബ്ബ് ഇടപെടുമ്പോൾ തൊഴിലവസരങ്ങൾ ആനുപാതികമായി വർദ്ധിക്കും.

സംസ്ഥാന സർക്കാരിനുള്ള നേട്ടങ്ങൾ

1. ഒരു പൈസ ചെലവാക്കാതെ സർക്കാരിന് തൊഴിലവസരങ്ങളും, വരുമാനവും സൃഷ്ടിക്കാം
2. നിലവിൽ ഐഎസ്എൽ മത്സരങ്ങൾ കേരളത്തിനു നൽകുന്ന സാമ്പത്തിക നേട്ടങ്ങൾ താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന് വളരെ വലിയ സാമ്പത്തിക നേട്ടങ്ങൾ നൽകാൻ സഹകരണ ഫുട്ബോൾ ക്ലബ്ബുകൾക്ക് കഴിയും
3. സഹകരണ ക്ലബ്ബുകളിലെ കളിക്കാർ പ്രൊഫഷണലുകളായിരിക്കും. അതിനാൽ തന്നെ അവർക്ക് സർക്കാർ ജോലികൾ നൽകേണ്ടതില്ല.
4. നിലവിലുള്ള സ്റ്റേഡിയങ്ങളും മറ്റും പാട്ടത്തിനോ, വാടകയ്ക്കോ ഏറ്റെടുത്ത് സഹകരണ ക്ലബ്ബുകൾ പരിപാലിക്കും. അത് സർക്കാരിന് വരുമാനം നൽകും, കൂടാതെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ ലാഭകരമായ പരിപാലനവും ഉറപ്പാക്കും.
5. സഹകരണ ക്ലബ്ബുകൾ വളരെ പരിമിതമായ സമയത്തിനുള്ളിൽ കേരള സ്പോർട്സിനെ ആഗോള നിലവാരത്തിലേക്ക് ഉയർത്തും.

സഹകരണ ഫുട്ബോൾ ക്ലബുകൾ സംസ്ഥാനത്തിനും, സംസ്ഥാന സർക്കാരിനും നൽകുന്ന നേട്ടങ്ങൾ വളരെ വലുതായിരിക്കും. ഇതിനെ പറ്റി കൂടുതൽ വിശദീകരിക്കാൻ അവസരം തരണമെന്നും, ഈ ആശയം നടപ്പിലാക്കാൻ അങ്ങ് നേതൃത്വം നൽകണമെന്നും അപേക്ഷിക്കുന്നു.

Sincerely in Sports,
**Sijin Bt**
President
Mobile/WhatsApp: +91 **8891994467**

SPORTS & MANAGEMENT RESEARCH INSTITUTE

a| 39/186B, Mahakavi G Road, Karikkamuri, Ernakulam 682011
b| Greenfield International Stadium, Karyavattom, Thiruvananthapuram 695581
c| Water Sports Research Centre, Kanjippadom, Alappuzha 6880055
d| 33/36, Bharathidasan Salai, Cantonment, Trichy 620001
Website: www.smri.in

---

Sahakarana Football Spread view (1).pdf
4 MB



...ആർ, സിജിൻ ബി.ടി.

# സഹകരണം ഫുട്ബോളിലുമാവാം



**കേരളത്തിൽ സഹകരണ പ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലയാണ് സ്പോർട്സ്. നമ്മുടെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും വളർത്താനും നമുക്ക് സഹകരണ മേഖലയിൽ എന്തുകൊണ്ട് ഫുട്ബോൾ ക്ലബ്ബുകൾ തുടങ്ങിക്കൂടാ ?**

യൂറോപ്യൻ ഫുട്ബോ
വെല്ലുന്ന ഫുട്ബോ
രുള്ള നാടാണ് കേ
നാടുകളിലെ ഫുട്ബോൾ ഭ്രാന്ത്
നാട്ടിലെ പ്രാദേശിക ക്ലബ്ബുകളോ
പ്രതിബദ്ധതയുമായി ബന്ധപ്പെട്ടു
നമ്മുടെ ഫുട്ബോൾ ഭ്രാന്ത് ലോ
കോപ്പാ അമേരിക്കയും യൂറോ ക
ലീഗുകളും നടക്കുമ്പോൾ വിദേശ
വേണ്ടി ഫ്ളെക്സ് ബോർഡുകള
വയ്ക്കുന്നതിലും വിദേശ ടീമുകള
പൂശി റോഡ്ഷോകൾ നടത്തുന്ന
ഫാൻ ക്ലബ്ബുകൾ രൂപവത്കരിക്കു
ഒതുങ്ങി നിൽക്കുന്നു . ഇന്ത്യയി
മെക്ക ' എന്നറിയപ്പെടുന്ന സ്ഥല
ലക്ഷക്കണക്കിന് ഫുട്ബോൾ ആ
എന്നാൽ, ആ മലപ്പുറത്തു നിന്നു
ഷണൽ ഫുട്ബോൾ ക്ലബ്ബുപോലു
നമ്മുടെ ഫുട്ബോൾ ദാരിദ്ര്യത്തി
ചിത്രം വരച്ചുകാട്ടുന്നു.

ഫുട്ബോൾ മത്സരങ്ങളിൽ പ
ഒരു കൂട്ടം കളിക്കാരെ തിരഞ്ഞെ
പ്പിച്ച് നിരന്തരം മത്സരങ്ങളിൽ പ
കളിക്കാർക്കും മറ്റ് ജീവനക്കാർക്ക
വരുമാനം നൽകുകയും ചെയ്യുന്ന
ളെയാണ് പ്രൊഫഷണൽ ഫുട്ബ
എന്നു വ്യാഖ്യാനിക്കാവുന്നത്. ഇ
അതത് രാജ്യങ്ങളിലെ നിയമവ്യവ
രജിസ്റ്റർ ചെയ്യപ്പെട്ടവയായിരിക്കും
വ്യക്തിയുടേയോ ഒരു കൂട്ടം സംര
സന്നദ്ധ സംഘടനയുടേയോ ഉടമ
പ്രവർത്തിക്കുന്നവയാകാം. ക്ലബ്ബ്
മുടക്കുമുതലാണ് ക്ലബ്ബിന്റെ അടി
ഈ മൂലധന നിക്ഷേപത്തിലൂടെ
ഒരു ക്ലബ്ബ് വളർച്ചയുടെ വിവിധ ഘ
സ്വയം വരുമാനം ഉണ്ടാക്കിയെടു
സംവിധാനമായി മാറുന്നു. ടിക്കറ്റ്
കളിക്കാരെ മറ്റ് ടീമുകൾക്ക് കൈമ
തിലൂടെയുള്ള വരുമാനം, സംപ്രേ
ചാനലുകൾക്ക് നൽകുന്നതിലൂടെ
സ്പോൺസർഷിപ്പ്, ക്ലബ്ബിന്റെ സ്വ
വിവിധ കളിയുപകരണങ്ങളും ജ

https://email.gov.in/h/printmessage?id=... 2:32 PM
Generated from eOffice by ... RCS COOP ...

ബോൾ ക്ലബ്ബുകളുടെയും
ാന വരുമാന മാർഗങ്ങൾ.

## ിനസ് സംരംഭം

ഠണ ബിസിനസ് സംരംഭം
ശക്തമായ ഒരു മാനേ
ിൽ പ്രവർത്തിക്കുന്ന വിവിധ
ുകളും ധാരാളം ഉദ്യോഗസ്ഥ
ികളും അടങ്ങിയ
നമാണ് ഓരോ
ഫുട്ബോൾ ക്ലബ്ബും.
ംരംഭങ്ങൾ വിലയിരുത്തുന്നതു
ഷ്ടക്കണക്കിന്റെ
ിൽ ഓരോ ക്ലബ്ബിന്റെയും
ജപരാജയങ്ങൾ
പ്പടുന്നു.
ല ഏറ്റവും പ്രശസ്തമായ
ബ്ബുകളുടെ 2018-2019

## എന്തുകൊണ്ട് ആരാധകരുടെ ഉടമസ്ഥതയിലുള്ള ക്ലബ്ബുകൾ?

ലാഭക്കണക്കിന്റെയും സമ്പത്തിന്റെയും നേട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ലോകത്തിലെ പ്രശസ്ത ഫുട്ബോൾ ക്ലബ്ബുകളെ തരംതിരിച്ചാൽ ആദ്യ പത്തു സ്ഥാനങ്ങളിൽ ഉൾപ്പെടുന്നവയിൽ
പലതും സാധാരണക്കാരായ ഫുട്ബോൾ ആരാധകരുടെ ഉടമസ്ഥതയിലുള്ള ക്ലബ്ബുകളാണ്. ഉദാഹരണത്തിന് റയൽ മാഡ്രിഡ്, എഫ്. സി. ബാഴ്സലോണ, ബയൺ മ്യൂണിച്ച് മുതലായവ. സ്പെയിൻ, അർജന്റീന, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ ഭൂരിഭാഗം ക്ലബ്ബുകളും ആരാധകരുടെ ഉടമസ്ഥതയിലാണ്. ജർമനിയിൽ ഫുട്ബോൾ ക്ലബ്ബുകളുടെ 51 ശതമാനം ഓഹരിയും ആരാധകരുടെ

| ക്ലബ്ബിന്റെ പേര് | വരുമാനം (ദശലക്ഷം പൗണ്ടിൽ) |
|---|---|
| എഫ്. സി. ബാഴ്സലോണ | 741.1 |
| റയൽ മാഡ്രിഡ് | 667.5 |
| മാഞ്ചസ്റ്റർ യുണൈറ്റഡ് | 627.1 |
| ബയൺ മ്യൂണിച്ച് | 581.8 |
| പാരിസ് സെയ്ന്റ് ജർമൻ | 560.5 |
| മാഞ്ചസ്റ്റർ സിറ്റി | 538.2 |
| ലിവർപൂൾ എഫ്. സി. | 533.0 |
| ടോട്ടൻ ഹാം ഹോട്ട്സ്പർ | 459.3 |
| ചെൽസി എഫ്. സി. | 452.2 |

മേഖലയാണ് സ്പോർട്സ്. അതിൽ തന്നെ ഏറ്റവും ജനപ്രിയ കായിക വിനോദമായ ഫുട്ബോളാണ് ഏറ്റവുമധികം തൊഴിൽ നൽകുന്നതും വരുമാനം നേടിത്തരുന്നതും. ഉയർന്നു വരുന്ന ബിസിനസ് മേഖലയായി സ്പോർട്സിനെ മുന്നിൽ കണ്ടു കൊണ്ട് ഓരോ നാടിനും അനുയോജ്യമായ കായിക മേഖലകൾ കണ്ടെത്തുകയും അതതു മേഖലകളിൽ പ്രൊഫഷണൽ കാഴ്ചപ്പാടോടെയുള്ള ബിസിനസ് സംരംഭങ്ങൾ
പടുത്തുയർത്തുകയും ചെയ്യുമ്പോഴാണ് സ്പോർട്സ് അതിന്റെ എല്ലാ അർഥത്തിലും രാജ്യത്തിന്റെ വികസനത്തിന് ഉപകരിക്കുന്നത്.

1980 കളിൽ കേരളാ പോലീസ്, ടൈറ്റാനിയം, പ്രീമിയർ ടയേഴ്സ്, കെ.എസ്.ഇ.ബി. എന്നിങ്ങനെയുള്ള ഡിപ്പാർട്ട്മെന്റുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ടീമുകളായിരുന്നു നമ്മുടെ നാട്ടിലധികവും. എന്നാൽ, ഇവയുടെ അസ്തമയത്തിനു ശേഷം ഇന്ന് ഐ. എസ്.

ഫുട്ബോളിന്റെ പ്ര...

## എന്തുകൊണ്ട് ... പിറകിൽ?

എന്തുകൊണ്ട് നമ്മു
പ്രൊഫഷണൽ ഫുട്ബേ
ഉണ്ടാകുന്നില്ല? ഒരു ബി
നിക്ഷേപം എന്ന നിലയ
സ്പോർട്സ് രംഗത്തെ
അവയിൽ നിക്ഷേപിക്ക
നേടിയെടുക്കാം എന്നു
നമ്മുടെ നാട്ടിലെ വൻക
സുകാരിൽ ആർക്കുമില്ല
സത്യം. സാധാരണക്കാ
ആരാധകരാകട്ടെ ക്ലബ്ബു
സെലിബ്രിറ്റികളുടെയോ
സംരംഭകരുടെയോ സ
ഉത്തരവാദിത്തമാണെന
തുടങ്ങാൻ ആഗ്രഹിക്ക




ക്ലബ്ബ് തുടങ്ങാൻ ആഗ്രഹി
വലിയ മൂലധനം സമാഹരി
മാർഗമറിയാതെയാണ് പിൻ
ഇത്തരം സാഹചര്യത്തിൽ
പ്രൊഫഷണൽ ഫുട്ബോ
ളുണ്ടാകണമെങ്കിൽ അത്
മേഖലയിൽ ആവുന്നതാണ്
കാരണം, ഓരോ വ്യക്തിയു
മുതൽമുടക്കിലൂടെ വലിയ
സമാഹരിച്ച് വലിയൊരു
കെട്ടിപ്പടുക്കാൻ സഹകര



Generated from eOffice by LEKHA A.P, MT(3) RCS COOP, MT(3) RCS COOP, COOP on 27/12/2022 10:24 AM

ളത്തിൽ പ്രൊഫഷണൽ
ബോൾ ക്ലബ്ബുകളുണ്ടാക
ന്നത് സഹകരണ മേഖലയിൽ
ന്ന് അഭികാമ്യം. കാരണം, ഓരോ
യും ചെറിയ മുതൽമുടക്കിലൂടെ
ധനം സമാഹരിച്ച് വലിയൊരു
ട്ടിപ്പടുക്കാൻ സഹകരണ മേഖ
തമേ കഴിയൂ.

തുകളിയെ ആരാധിക്കുന്ന,
ന്റ് ഏതോ മൂലയിൽ കിടക്കുന്ന
വേണ്ടിപ്പോലും ആയിരങ്ങ
ളും ചെലവാക്കുന്ന നമ്മുടെ
എന്തുകൊണ്ട് ആരാധകരു
തയിലുള്ള പ്രൊഫഷണൽ
ക്ലബ്ബുകൾ ആരംഭിച്ചുകൂടാ?
ക്ലബ്ബുകളുടെ സാമ്പത്തിക
ക്കുന്ന മികച്ച മാതൃകയായി
ാലും പ്രശംസിച്ച സഹകരണ
ക്ലബ്ബ് മോഡൽ എന്തുകൊണ്ട്
ളത്തിൽ നടപ്പാക്കിക്കൂടാ?

ന്ന പ്രസ്ഥാനങ്ങൾ എന്നും
ിന്റെ നട്ടെല്ലായിരുന്നു.
ാർക്ക് സ്വന്തം സ്ഥാപനമെന്ന
പ്പാഴും കയറിച്ചെല്ലാവുന്ന
സംഘങ്ങൾ ബാങ്കിങ് സർവീ
ഷി , ക്ഷീര വികസനം,
രം ഉത്പന്നങ്ങളുടെ
ആശുപത്രി എന്നിങ്ങനെ
ാടുങ്ങാത്ത എത്രയെത്ര
) നമുക്ക് നൽകുന്നു.
ാേകോ, ഇന്ത്യൻ കോഫി
ദശ് ബീഡി, ഊരാളുങ്കൽ
ൺട്രാക്ട് കോ-ഓപ്പറേറ്റീവ്
എന്നിങ്ങനെ എത്രയെത്ര
ക്ലബ്ബുകളും.

## എന്തുകൊണ്ട് സഹകരണ മേഖല?

ഏതൊരു സ്പോർട്സ് ക്ലബ്ബിന്റെയും, പ്രത്യേകിച്ച് ഫുട്ബോൾ ക്ലബ്ബുകളുടെ , ഏറ്റവും വലിയ ആസ്തി അവരുടെ ആരാധകരാണ്. ക്ലബ്ബിന്റെ ഹോം മാച്ചുകളിൽ കാണികളുടെ ഭൂരിഭാഗവും ആരാധകവൃന്ദങ്ങൾ തന്നെയായിരിക്കും. ടിക്കറ്റ് വരുമാനം കൂടാതെ ക്ലബിന്റെ ബ്രാൻഡിൽ വിൽക്കുന്ന വസ്തുക്കളുടെ പ്രധാന പങ്കും വാങ്ങുന്നതും ആരാധകർ തന്നെയായിരിക്കും. ഈ ആരാധക വൃന്ദമാണ് ഓരോ ക്ലബ്ബിന്റെയും ശക്തി. സഹകരണ പ്രസ്ഥാനങ്ങളുടെ ശക്തമായ ജനകീയ അടിത്തറയിലൂടെയും വ്യക്തിഗത, ഇൻസ്റ്റിറ്റ്യൂഷണൽ, അസോസിയേറ്റ് അംഗത്വ വിഭാഗങ്ങളിലൂടെയും പരോക്ഷമായി ലക്ഷക്കണക്കിന് ആരാധകരെ സൃഷ്ടിച്ചെടുക്കാനാവും. ഈ ആരാധകരിലൂടെ , അവരുടെ കുടുംബങ്ങളിലൂടെ, ഭാവിയിൽ പരോക്ഷമായ ബിസിനസ് അവസരങ്ങളും ക്ലബ്ബിന്റെ സ്വന്തം ബ്രാൻഡുകളുടെ വ്യാപനത്തിലൂടെ ഭാവിയിൽ കൂടുതൽ കുടുംബങ്ങളിലേയ്ക്ക് എത്താനുള്ള സാധ്യതയും നേടിയെടുക്കാനാവും.

സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ ഫുട്ബാൾ ക്ലബുകൾ ആരംഭിക്കുകയാണെങ്കിൽ മത്സരങ്ങളുടെ വീറും വാശിയും കൂടും. കരുത്തരായ എതിരാളികളാണ് ഓരോ മത്സരത്തിന്റേയും സൗന്ദര്യം വർധിപ്പിക്കുന്നത്. ഓരോ ജില്ലയിലും കുറഞ്ഞത് ഓരോ ക്ലബ്ബ് എന്ന രീതിയിൽ രൂപവത്കരിക്കാനായാൽ യൂറോപ്പിലെപ്പോലെ നിരവധി പ്രാദേശിക ലീഗുകൾക്ക് കേരളവും വേദിയാവും. വളർന്നു വരുന്ന താരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ, മനോഹരമായ കളിക്കളങ്ങൾ, കൂടുതൽ തൊഴിലവസരങ്ങൾ എന്നിങ്ങനെ ഒട്ടേറേ നേട്ടങ്ങൾ ഇതുവഴി സമൂഹത്തിനു ലഭിക്കുന്നു.



ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന ക്ലബ്ബുകളിൽ നിന്നു വ്യത്യസ്തമായി മുതൽ മുടക്കിന് ആനുപാതമായി



Generated from eOffice by LEKHA A.P, MT(3) RCS COOP, MT(3) RCS COOP, COOP on 27/12/2022 10:24 AM

...ക്ഷോപ്പുകയും ചെയ്യുന്ന
ംഗങ്ങളെയാണ് ഫുട്ബോൾ
ഹകരണസംഘങ്ങൾക്ക്
ുടെ ആത്മാർഥമായ ഇടപെ
മ ഇത്തരം ക്ലബ്ബുകൾക്ക്
ിതിയിലുള്ള വളർച്ച
ുള്ളൂ.

## ണ ക്ലബ്ബുകളും ക പ്രതിബദ്ധതയും

ക്ലബ്ബ് ബിസിനസ്സിലൂടെ ലാഭക
റകരണ സംഘം നടത്തി
ുക, ഫുട്ബോൾ ബിസിനസ്
് സ്റ്റൈൽ, റീട്ടയിൽ,
വത്തിക ബിസിനസുകൾ
ുർപ്പെടുക, ഓരോ ക്ലബ്ബും
ഥിരം തൊഴിലുകൾ വീതം
ാഴിലുടമകളായിമാറുക
ായാണ് ഇത്തരം ക്ലബ്ബുകളുടെ
ഷ്യങ്ങൾ. മറ്റ് കായിക
ം സമാന രീതിയിൽ
ാഴിലും ബിസിനസ്സും കൂടുതൽ
ുകളിൽ പറഞ്ഞവ പലതും
ുള്ള പ്രവർത്തനങ്ങളാണെന്ന്
ുരുണ്ടാവാം. എന്നാൽ,
മുള്ളതായാലേ അവ സമൂഹ
കാരപ്രദമാവൂ എന്ന പരമ
റക്കരുത്.

വനം ചെയ്യുന്ന ഫുട്ബോൾ
ഘങ്ങൾക്ക് ചില മാനുഷിക
അവയിൽ ഏറ്റവും പ്രധാനം
ങ്ങളുടെ ക്ഷേമത്തിനായുള്ള
സംഘത്തിൽ അംഗങ്ങളായ
ളുടെ ക്ഷേമത്തിനായി
ൾ സംഘത്തിന് ന
ാണ്. അവയിൽ ചിലത്
ുന്നു:

ിയർ തുടരാനാകാത്ത
പെൻഷൻ, തൊഴിൽ,
ന്നിവ അടിസ്ഥാന
പുനരധിവാസ പദ്ധതികൾ.

കരിയറിൽ പരാജയപ്പെടുന്ന
കരിയർ റീ ഓറിയന്റേഷൻ

ാമ്പത്തിക നേട്ടമുണ്ടാക്കാൻ
പായ താരങ്ങൾക്കുള്ള
വന നിർമാണം തുടങ്ങിയ

ങ്ങൾക്കുള്ള ഗ്രൂപ്പ്
്.

ഫുട്ബോൾ ഇഷ്ടപ്പെടുന്നവര ), ഇൻസ്റ്റിറ്റ്യൂഷണൽ അംഗത്വം ( സംഘത്തിൽ നിക്ഷേപം നടത്താൻ താത്പര്യപ്പെടുന്ന ബിസിനസ് സ്ഥാപനങ്ങൾ, മറ്റു സംഘങ്ങൾ, ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ) , അസോസിയേറ്റ് അംഗത്വം ( സ്കൂളുകൾ, കോളേജുകൾ, അംഗീകൃത ക്ലബ്ബുകൾ, അസോസിയേഷനുകൾ ) എന്നിവ ഇത്തരം സംഘങ്ങളിലും പ്രാവർത്തികമാക്കാം. അംഗങ്ങളുടെ അംഗത്വ ഓഹരി മൂലധനം ക്ലബ്ബിന്റെ ഹ്രസ്വകാല, ദീർഘകാല വളർച്ചാ ലക്ഷ്യങ്ങൾക്ക് അനുസരിച്ച് നിശ്ചയിക്കേണ്ടതാണ്.

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ഫുട്ബോൾ ക്ലബ്ബിന്റെ രൂപവത്കരണവും നടത്തിപ്പും.
- കളിയുപകരണങ്ങൾ, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവയുടെ ഉൽപ്പാദനവും വിപണനവും വിൽപനയും.
- സ്ഥിര നിക്ഷേപങ്ങൾ, പ്രതിമാസ നിക്ഷേപ പദ്ധതി, സ്പോർട്സ് വികസന നിക്ഷേപ പദ്ധതികൾ.
- കായിക മേഖലയിൽ ബിസിനസുകൾ തുടങ്ങാനും കായിക പ്രവർത്തനങ്ങൾക്കും വായ്പകൾ. വിദേശ രാജ്യങ്ങളിൽ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേക വായ്പാപദ്ധതി
- ഫുട്ബോൾ മേഖലയിൽ ഫിറ്റ്നെസ് പരിശീലന സൗകര്യം, സ്പോർട്സ് ന്യൂട്രീഷ്യനിസ്റ്റിന്റെ സേവനങ്ങൾ.
- ഫുടബോൾ താരങ്ങളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി പരിശീലനം നൽകി അവരെ മറ്റു പ്രൊഫഷണൽ ക്ലബ്ബുകളുമായി കരാറിലേർപ്പെടാൻ സഹായിക്കുക.
- അന്താരാഷ്ട്ര നിലവാരമുള്ള കളിക്കളങ്ങൾ നിർമിക്കുക.
- അംഗങ്ങളുടെ ഇടയിൽ സഹകരണ തത്വങ്ങൾ, ആരോഗ്യകരമായ ജീവിത ശൈലി, സ്പോർട്സ്മാൻഷിപ്പ് എന്നിവ പ്രചരിപ്പിക്കുക.

## നടത്തിപ്പിനുള്ള പ്രത്യേക മാർഗനിർദേശങ്ങൾ

- ക്ലബ്ബിന്റെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനുമായി പ്രത്യേക സബ് കമ്മിറ്റികൾ രൂപവത്കരിക്കേണ്ടതാണ്. ഡയരക്ടർ ബോർഡിൽ നിർബ്ബന്ധമായും സ്പോർട്സ്

സഹകാരി എന്നതിനപ്പുറം സംരംഭകൻ, ബിസിനസ് ലീഡർ, സ്പോർട്സ് ബിസിനസ് വിദഗ്ദ്ധർ എന്നിങ്ങനെ വിവിധ സ്പോർട്സ് അനുബന്ധ മേഖലകളിൽ അറിവുള്ള, പുതിയ ആശയങ്ങൾ നടപ്പാക്കാൻ കഴിവുള്ള ഭരണസമിതി അംഗങ്ങൾക്കേ ഈ വ്യത്യസ്ത സഹകരണ ആശയത്തിന്റെ ദിശ നിയന്ത്രിക്കാനാവൂ

പ്രൊഫഷണൽ ടീമുകൾ ഉണ്ടായിരിക്കണം.

- ടീമുകളുടെ രൂപവത്കരണം, മേൽനോട്ടം, അക്കാദമിയുടെ രൂപപവത്കരണം എന്നിവ സബ് കമ്മിറ്റിയുടെ ചുമതലയിലായിരിക്കും.
- സംഘത്തിന്റെ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നറിയപ്പെടുകയും ബിസിനസ് സംരംഭങ്ങളിൽ ഒരു സി.ഇ.ഒ. വഹിക്കുന്ന ചുമതലകൾ നിറവേറ്റുകയും വേണം.

## പ്രധാന വരുമാന മാർഗങ്ങൾ

1. സ്പോൺസർഷിപ്പ് .
2. സ്പോർട്സ് ഏജന്റ് ഫീസ് .
3. ട്രാൻസ്ഫർ ഫീസ് .
4. ടൂർണമെന്റുകളിലൂടെയുള്ള വരുമാനം
5. ഫ്രാഞ്ചൈസി ഫീസും ലൈസൻസിങ് ഫീസും .
6. പരിശീലന പരിപാടികളിലൂടെയുള്ള വരുമാനം.
7. സംഭാവനകൾ
8. സ്റ്റേഡിയം, ജിംനേഷ്യം, കളിസ്ഥലങ്ങൾ എന്നിവ ...

ഫ്രാഞ്ചൈസി
ഫീസ്.

നമ്മുടെ നാട്ടിൽ വിവിധ ക
പ്രവർത്തിക്കുന്ന ധാരാളം സ
സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ന
രംഗത്തേക്കുള്ള സഹകരണ മേ
ലയുടെ ചുവടുവെയ്പ് ഒരു പ
തുടക്കമാവും. പക്ഷേ, വ്യത്യ
ഈ മേഖലയിലേയ്ക്കുള്ള ക
തികച്ചും പ്രൊഫഷണൽ രീത
സാധാരണ സഹകരണ സംഘ
ഭരണ സംവിധാനങ്ങളുടെ ചട്ട
ഒതുങ്ങി നിന്നുകൊണ്ടു തന്നെ
രീതിയിലുള്ള സമീപനം ഇവി
സഹകാരി എന്നതിനപ്പുറം സ
ബിസിനസ് ലീഡർ, സ്പോർട്
വിദഗ്ദ്ധർ എന്നിങ്ങനെ വിവിധ
അനുബന്ധ മേഖലകളിൽ അ
ആശയങ്ങൾ നടപ്പാക്കാൻ ക
സമിതി അംഗങ്ങൾക്കേ
ഈ വ്യത്യസ്ത സഹകരണ
ആശയത്തിന്റെ ദിശ നിയന്ത്രി

കേരളത്തിലെ സഹകരണ
പ്രസ്ഥാനങ്ങളെ വിമർശനാത്മ
സമീപിച്ചാൽ പല സംരംഭങ്ങ
രാഷ്ട്രീയ നേട്ടങ്ങൾക്കും ജാത
ക്കും പ്രാദേശിക വാദങ്ങൾക്ക
ലക്ഷ്യം കൈവരിക്കാതിരിക്കു
പരാജയപ്പെടുകയോ ചെയ്യുന
കാണാം. അത്തരം ഇടപെടല
യാലേ സ്പോർട്സ് ബിസിന
ഇവിടെ കളിക്കാർക്കും ആരാ
ധക സ്ഥാനം.

സഹകരണ ഫുട്ബോൾ
പ്രവർത്തനത്തിന്റെ ശൈശവ
സ്പോർട്സ് ബിസിനസ് നയ
പ്രൊഫഷണലുകളുടെ സേവ
വ്യവസ്ഥയിൽ ഉപയോഗിക്കാ
പുതിയ ആശയങ്ങളെ അതേ
ഉൾക്കൊള്ളുകയും അവ നട
വേണ്ടി പ്രയത്നിക്കാനുള്ള ഭ
സമിതികൾ കാഴ്ചവയ്ക്കുക
സഹകരണ ഫുട്ബോൾ ക്ലബ
കൊച്ചു കേരളത്തിന്റെ കായി
കൂടുതൽ മിഴിവും തെളിച്ചവു
എല്ലാവരുടേതുമായ ഒരു ഫു
ഫിഫ ക്ലബ്ബ് വേൾഡ് കപ്പ് എ
പ്രശസ്ത ഫുട്ബോൾ ക്ലബ്ബ്
ങ്കെടുക്കുന്നതും ഫുട്ബോൾ
ക്ലബ്ബുകളെ പരാജയപ്പെടുത്ത
നമുക്ക് സ്വപ്നം കാണാം. അ
മേഖലയിലൂടെ സാക്ഷാത്കര

*( ഡോ. ഇന്ദുലേഖ ആർ.*
*സ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്*
*യിൽ അസിസ്റ്റന്റ് പ്രൊഫസ*

രജിസ്ട്രാർ സഹകരണം
പരിശോധിക്കുക.

Email

V. N. VASAVAN

വി. എൻ. വാസവൻ
സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി

# ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബുകൾ

6155964/2022/MIN (co-op)

**From :** dean@smri.in Sat, May 14, 2022 09:42 AM

**Subject :** ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബുകൾ 4 attachments

**To :** V. N. VASAVAN <min.coop@kerala.gov.in>, vnvasavan@gmail.com

**Cc :** Mini Antony IAS <secy.coop@kerala.gov.in>, keralarcs@gmail.com, georgemathewpv@gmail.com, deepumankoical@gmail.com, tcmathewkutty@gmail.com

ബഹുമാനപ്പെട്ട സർ,

നവകേരളത്തിന്റെ സൃഷ്ടിയിൽ തൊഴിലായും, വരുമാനമായും വളരെയധികം സംഭാവനകൾ നൽകാൻ കഴിയുന്ന മേഖലയാണ് സ്പോർട്സ്, പ്രത്യേകിച്ച് ഫുട്ബോൾ. ഫുട്ബോൾ മലയാളിയുടെ മനസ്സിൽ അടിയുറച്ച വികാരമാണ്. എന്നാലും കേരളത്തിൽ നിന്നും ആകെ രണ്ടു പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകൾ മാത്രമേയുള്ളൂ എന്നത് വളരെ ദൗർഭാഗ്യകരമായ അവസ്ഥയാണ്. നമ്മുടെ നാട്ടിലെ ഫുട്ബോൾ ക്ലബ്ബുകൾ ഭൂരിഭാഗവും ചാരിറ്റിബിൾ സൊസേറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നവയാണ്. കൂടാതെ പൊതുമേഖലയിലുള്ള ഒന്നോ, രണ്ടോ ടീമുകൾ മാത്രമാണ് നമുക്കുള്ളത്. ഈ ടീമുകൾക്ക് പ്രൊഫഷണൽ ക്ലബുകളായി മാറാനുള്ള അടിസ്ഥാന വിഭവങ്ങളില്ല. മറ്റു സംസ്ഥാനങ്ങളിലേതു പോലെ വലിയ വ്യവസായങ്ങളില്ലാത്തത് കേരളത്തിൽ വലിയ പ്രൊഫഷണൽ ക്ലബ്ബുകളില്ലാത്തതിനു മറ്റൊരു കാരണം. ഫുട്ബോൾ ബിസിനസ്സ് എന്താണെന്ന് വ്യക്തമായി മനസിലാക്കാത്തതിനാൽ ടാറ്റ, മഹീന്ദ്ര, ജെസിടി എന്നീ ഭീമൻ കോർപ്പറേറ്റുകൾ നടത്തിയിരുന്ന ഫുട്ബോൾ ക്ലബ്ബുകൾ പോലും അടച്ചു പൂട്ടേണ്ടി വന്നുവെന്നത് മറ്റൊരു പ്രധാന വസ്തുതയാണ്.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരവും, നമ്മുടെ നാട്ടിൽ ന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളും തേടി എറണാകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് എഞ്ചിനിയറിംഗ് ഗവേഷണ പരിശീലന സ്ഥാപനമായ സ്പോർട്സ് ആന്റ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ്. എം. ആർ. ഐ) നടത്തിയ പഠനങ്ങളിൽ നിന്നും മനസിലാക്കിയ പ്രധാന വസ്തുത ആരാധക ഉടമസ്ഥതയിലുള്ള സ്പോർട്സ് ക്ലബുകളാണ്

കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് പരിഹാരം എന്നതാണ്.

1) ലോകത്തിലെ ഏറ്റവും ശക്തമായ (സമ്പന്നമായ) ഫുട്ബോൾ ക്ലബുകളിൽ ഭൂരിഭാഗവും സാധാരണക്കാരായ ഫുട്ബോൾ ആരാധകരുടെ ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്. ഉദാ: **റയൽ മാഡ്രിഡ്, എഫ്സി ബാർസിലോണ, അത്‌ലെറ്റിക്കോ ബിൽബാവോ** (സ്പെയിൻ), **ബയൺ മ്യൂണിച്ച്, ബൊറൂസിയ ഡോർട്ട്മുണ്ട്** (ജർമനി), **ബൊക്ക ജൂനിയേഴ്സ്** (അർജന്റീന), **എസ് എൽ ബെൻഫിക്ക** (പോർച്ചുഗൽ)

2) സ്പെയിൻ, അർജന്റീന, ജർമനി മുതലായ രാജ്യങ്ങളിൽ ഭൂരിഭാഗം ക്ലബുകളും നടത്തുന്നത് ആരാധകരാണ്. ജർമനിയിൽ ക്ലബുകളുടെ 51 ഓഹരി ആരാധകരുടെ നിയന്ത്രണത്തിലായിരിക്കണമെന്ന നിയമമുണ്ട്.

3) 1992 ൽ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന നോർത്താംപ്ടൻ ക്ലബിനെ ഏറ്റെടുക്കാൻ **ബ്രയാൻ ലോമാക്സിന്റെ** നേതൃത്വത്തിൽ ആരംഭിച്ച **സപ്പോർട്ടർ ഡയറക്ട്** പ്രസ്ഥാനത്തിനു കീഴിൽ ഇന്ന് ഇരുന്നൂറിലധികം സഹകരണ ഫുട്ബോൾ ക്ലബുകൾ ബ്രിട്ടനിലുണ്ട്.

4) ബ്രിസ്റ്റോൾ സിറ്റി, ആൾഡെർഷോട്ട്, ഹൾ, ചാരിട്ടൻ, പോർട്സ്മൗത്ത് എന്നിങ്ങനെ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന ഒട്ടനവധി ക്ലബുകളെ സംരക്ഷിച്ചത് ആരാധകരുടെ സാമ്പത്തിക ഇടപെടലുകളാണ്.

5) മാഞ്ചസ്റ്റർ യുണൈറ്റഡ്, മാഞ്ചസ്റ്റർ സിറ്റി എന്നിവയ്ക്കെതിരെ മാഞ്ചസ്റ്ററിലെ ഫുട്ബോൾ ആരാധകരുടെ നേതൃത്വത്തിൽ എഫ്സി യുണൈറ്റഡ് ഓഫ് മാഞ്ചസ്റ്റർ എന്ന ക്ലബും, ലിവർപൂൾ, എവർട്ടൺ എന്നിവയ്ക്കെതിരെ ലിവർപൂളിലെ ഫുട്ബോൾ ആരാധകരുടെ നേതൃത്വത്തിൽ സിറ്റി ഓഫ് ലിവർപൂൾ എന്ന ക്ലബും ആരംഭിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിജയകരമായ ആരാധക ഉടമസ്ഥതയിലുള്ള ഫുട്ബോൾ ക്ലബുകൾ കേരളത്തിലും വിജയകരമാകുമെന്നതിനുള്ള മികച്ച ഉദാഹരണങ്ങളാണ് ഇന്ത്യൻ കോഫി ബോർഡ് ജീവനക്കാർ ജോലി നഷ്ടപ്പെടുമെന്ന ഭീഷണി നേരിട്ടപ്പോൾ സഖാവ് എ.കെ.ജിയുടെ നേതൃത്വത്തിൽ ആരംഭിച്ച **ഇന്ത്യൻ കോഫി ഹൗസും**, 12000 ബീഡിത്തൊഴിലാളികൾ ഒരു രൂപ വീതം ഓഹരിയിട്ട് തുടങ്ങിയ **ദിനേശ് ബീഡിയും**.

## ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബുകൾ- സവിശേഷതകൾ

1. ആരാധകരുടെ ഉടമസ്ഥതയും, നിയന്ത്രണവും. ആരാധകരിൽ നിന്നുള്ള നിക്ഷേപം, സർക്കാർ ഒരു രൂപ പോലും ചെലവാക്കേണ്ട ആവശ്യമില്ല
2. ഒരു ജില്ലയിൽ കുറഞ്ഞത് ഒരു ക്ലബ്ബ് കൂടാതെ സംസ്ഥാന തലത്തിൽ ഒരു മദർ ക്ലബ്ബ്
3. ഒരു ക്ലബിൽ കുറഞ്ഞത് 3 ലക്ഷം അംഗങ്ങൾ. പരമാവധി 9 ലക്ഷം അംഗങ്ങൾ.
4. ഒരു ഷെയറിന്റെ മൂല്യം 1000 രൂപ. ക്ലബ്ബിന്റെ ഏറ്റവും കുറഞ്ഞ ഓഹരി മൂലധനം 30 കോടി രൂപ.
5. എഫ്എംസിജി, ലൈഫ്സ്റ്റൈൽ, പരിമിതമായ സാമ്പത്തിക സേവനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ബിസിനസുകളിൽ ക്ലബ്ബുകൾ ഏർപ്പെടും
6. ഒരു ക്ലബിന്റെ വാർഷിക വിറ്റുവരവ് ഏകദേശം 100 കോടി രൂപയായിരിക്കും
7. ആദ്യ 3 വർഷങ്ങളിൽ തന്നെ കുറഞ്ഞത് 500 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഒരു ക്ലബിനു കഴിയും. പിന്നീട് മറ്റ് കായിക വിനോദങ്ങളിലും ക്ലബ്ബ് ഇടപെടുമ്പോൾ തൊഴിലവസരങ്ങൾ ആനുപാതികമായി വർദ്ധിക്കും.

### സംസ്ഥാന സർക്കാരിനുള്ള നേട്ടങ്ങൾ

1. ഒരു പൈസ ചെലവാക്കാതെ സർക്കാരിന് തൊഴിലവസരങ്ങളും, വരുമാനവും സൃഷ്ടിക്കാം
2. നിലവിൽ ഐഎസ്എൽ മത്സരങ്ങൾ കേരളത്തിനു നൽകുന്ന സാമ്പത്തിക നേട്ടങ്ങൾ താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന് വളരെ വലിയ സാമ്പത്തിക നേട്ടങ്ങൾ നൽകാൻ സഹകരണ ഫുട്ബോൾ ക്ലബ്ബുകൾക്ക് കഴിയും
3. സഹകരണ ക്ലബ്ബുകളിലെ കളിക്കാർ പ്രൊഫഷണലുകളായിരിക്കും. അതിനാൽ തന്നെ അവർക്ക് സർക്കാർ ജോലികൾ നൽകേണ്ടതില്ല.
4. നിലവിലുള്ള സ്റ്റേഡിയങ്ങളും മറ്റും പാട്ടത്തിനോ, വാടകയ്ക്കോ ഏറ്റെടുത്ത് സഹകരണ ക്ലബ്ബുകൾ പരിപാലിക്കും. അത് സർക്കാരിന് വരുമാനം നൽകും, കൂടാതെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ ലാഭകരമായ പരിപാലനവും ഉറപ്പാക്കും.
5. സഹകരണ ക്ലബ്ബുകൾ വളരെ പരിമിതമായ സമയത്തിനുള്ളിൽ കേരള സ്പോർട്സിനെ ആഗോള നിലവാരത്തിലേക്ക് ഉയർത്തും.

സഹകരണ ഫുട്ബോൾ ക്ലബുകൾ സംസ്ഥാനത്തിനും, സംസ്ഥാന സർക്കാരിനും നൽകുന്ന നേട്ടങ്ങൾ വളരെ വലുതായിരിക്കും. ഇതിനെ പറ്റി കൂടുതൽ വിശദീകരിക്കാൻ അവസരം തരണമെന്നും, ഈ ആശയം നടപ്പിലാക്കാൻ അങ്ങ് നേതൃത്വം നൽകണമെന്നും അപേക്ഷിക്കുന്നു.

Sincerely in Sports,
**Sijin Bt** ✓
President
Mobile/WhatsApp: +91 **8891994467**

SPORTS & MANAGEMENT RESEARCH INSTITUTE
MAKING INDIA SPORTS SUPERPOWER

a| 39/186B, Mahakavi G Road, Karikkamuri, **Ernakulam** 682011
b| Greenfield International Stadium, Karyavattom, **Thiruvananthapuram** 695581
c| Water Sports Research Centre, Kanjippadom, **Alappuzha** 6880055
d| 33/36, Bharathidasan Salai, Cantonment, **Trichy** 620001
Website: **www.smri.in**.

---

**Sahakarana Football Spread view (1).pdf**
4 MB

**Minister- Coop Football concept note.pdf**
247 KB

**Football (1).pdf**
2 MB

---